# Std. II - Chapter 4 - Revision - Main points

## പാഠം 4 — പാപം മൂലം വന്ന ശിക്ഷ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ഏദൻതോട്ടത്തിൽ ദൈവം ആരെയാണ് കാണാൻ വന്നത്? | ദൈവം ആദത്തെയും ഹവ്വായെയും കാണാൻ ഏദൻതോട്ടത്തിൽ വന്നു. |
| 2 | ദൈവത്തിന്റെ കാലൊച്ച കേട്ടപ്പോൾ ആദത്തിനും ഹവ്വായ്ക്കും എന്തു തോന്നി? | ദൈവത്തിന്റെ കാലൊച്ച കേട്ടപ്പോൾ അവർക്ക് ഭയം തോന്നി. |
| 3 | ദൈവത്തിന്റെ മുമ്പിൽനിന്ന് ആദവും ഹവ്വായും എവിടെയാണ് വിളിച്ചത്? | അവർ തോട്ടത്തിലെ മരങ്ങളുടെ ഇടയിൽ ഒളിച്ചു. |
| 4 | **1. ദൈവത്തിന്റെ കാലൊച്ച കേട്ടപ്പോൾ ആദവും ഹവ്വായും ഒളിച്ചത് എന്തിന്?** | അവർ ദൈവകൽപ്പന ലംഘിച്ചതിനാൽ അവർക്ക് ഭയം തോന്നി. |
| 5 | ആദവും ഹവ്വായും ദൈവത്തിൽനിന്ന് അകന്നപ്പോൾ ദൈവത്തിന് എന്തു തോന്നി? | താൻ സൃഷ്ടിച്ച ആദവും ഹവ്വായും തന്നിൽനിന്ന് അകന്നപ്പോൾ ദൈവത്തിന് ദുഃഖം തോന്നി. |
| 6 | ദൈവം ആദത്തെയും ഹവ്വായെയും എന്തിനാണ് അന്വേഷിച്ചിറങ്ങിയത്? | അവർ ദൈവകൽപ്പന ലംഘിച്ച് തന്നിൽനിന്ന് അകന്നുപോയതിനാൽ ദൈവം അവരെ അന്വേഷിച്ചിറങ്ങി. |
| 7 | ദൈവകൽപ്പന ലംഘിച്ചതിനാൽ ആദത്തിനും ഹവ്വായ്ക്കും എന്തു ലഭിച്ചു? | ദൈവകൽപ്പന ലംഘിച്ചതിനാൽ അവർക്ക് അതിനുള്ള ശിക്ഷ ലഭിച്ചു. |
| 8 | ആദത്തിനും ഹവ്വായ്ക്കും ലഭിച്ച ശിക്ഷ എന്തായിരുന്നു? | അവരെ ഏദൻതോട്ടത്തിൽനിന്ന് ദൈവം പുറത്താക്കി. |
| 9 | ആദത്തിനും ഹവ്വായ്ക്കും ശിക്ഷ നൽകിയിട്ടും ദൈവം അവരോട് എങ്ങനെ പെരുമാറി? | ദൈവം അവരോട് കരുണ കാണിക്കുകയും രക്ഷ വാഗ്ദാനം ചെയ്യുകയും ചെയ്തു. |
| 10 | ദൈവം ഓരോരുത്തരെയും എങ്ങനെ സ്നേഹിക്കുന്നു? | ദൈവം ഓരോരുത്തരെയും സ്നേഹിക്കുന്നു. |
| 11 | **2. നമ്മുടെ ദൈവം എങ്ങനെയുള്ള ദൈവമാണ്?** | ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്നു. നമ്മൾ പാപം ചെയ്യുമ്പോൾ ദൈവം വേദനിക്കുന്നു. |
| 12 | നാം പാപം ചെയ്യുമ്പോൾ ദൈവത്തിന് എന്തു സംഭവിക്കുന്നു? | നാം പാപം ചെയ്യുമ്പോൾ ദൈവത്തിന് വേദന ഉണ്ടാകുന്നു. |
| 13 | പാപം നമ്മെ എങ്ങനെയാക്കുന്നു? | പാപം നമ്മെ സന്തോഷമില്ലാത്തവരാക്കുന്നു. |
| 14 | മാതാപിതാക്കൾ നമ്മെ ശിക്ഷിച്ചാലും അവർ പിന്നീട് എന്താണ് കാണിക്കുന്നത്? | മാതാപിതാക്കൾ നമ്മെ ശിക്ഷിച്ചാലും പിന്നീട് നമ്മോട് സ്നേഹം കാണിക്കുന്നു. |
| 15 | നാം തെറ്റ് ചെയ്യുമ്പോൾ ദൈവം എന്തു ചെയ്യുന്നു? | നാം തെറ്റ് ചെയ്യുമ്പോൾ ദൈവം നമ്മെ ശിക്ഷിക്കുന്നു. എങ്കിലും അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. |
| 16 | ആദവും ഹവ്വായും അനുസരണക്കേട് കാണിച്ചിട്ടും ദൈവം എന്തു ചെയ്തു? | അവരെ അന്വേഷിച്ചുവന്ന ദൈവം അവരോട് കരുണ കാണിച്ചു. |
| 17 | നാം തെറ്റുകൾ ചെയ്ത് ദൈവത്തിൽനിന്ന് അകന്നുപോയാലും ദൈവം എന്തു ചെയ്യും? | നാം തെറ്റുകൾ ചെയ്ത് ദൈവത്തിൽനിന്ന് അകന്നുപോയാലും ദൈവം നമ്മെ അന്വേഷിച്ചുവരും. |
| 18 | എങ്ങനെയുള്ള ദൈവമാണ് നമ്മുടെ ദൈവം? | നമ്മെ അന്വേഷിച്ചുവരുന്ന ദൈവമാണ് നമ്മുടെ ദൈവം. |
| 19 | ദൈവം നമ്മെ അന്വേഷിച്ചുവരുന്നത് എന്തുകൊണ്ട്? | ദൈവം നമ്മെ സ്നേഹിക്കുന്നതിനാലാണ് നമ്മെ അന്വേഷിച്ചുവരുന്നത്. |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 20 | നമ്മുടെ പാപങ്ങൾ എന്തു ചെയ്താലും നാം എന്താണ് ഓർക്കേണ്ടത്? | **നമ്മുടെ പാപങ്ങൾ മൂലം ദൈവത്തിൽനിന്ന് അക ന്നുപോയാലും ദൈവം നമ്മെ അന്വേഷിച്ചുവരുമെന്ന് നാം ഓർക്കണം.** |
| 21 | നമ്മെ അന്വേഷിച്ചുവരുന്ന സ്നേഹപിതാവായ ദൈവത്തോട് നാം എങ്ങനെ പ്രതികരിക്കണം? | **നമ്മെ അന്വേഷിച്ചുവരുന്ന സ്നേഹപിതാവായ ദൈവത്തെ നാം സ്തുതിക്കുകയും സ്നേഹിക്കുകയും വേണം.** |
| **B** | **പ്രധാനപ്പെട്ട ബൈബിൾ വചനങ്ങൾ** | |
| 1 | ‘‘അവർ തോട്ടത്തിൽ കർത്താവായ ദൈവത്തി ന്റെ കാലൊച്ച കേട്ടു.’’ | — ഉൽപ്പത്തി 3:8 |
| 2 | ‘‘കർത്താവായ ദൈവം മനുഷ്യനെ വിളിച്ചു ചോദിച്ചു: നീ എവിടെയാണ്?’’ | — ഉൽപ്പത്തി 3:9 |
| 3 | ‘‘അവൻ പറഞ്ഞു: തോട്ടത്തിൽ അങ്ങയുടെ കാലൊച്ച ഞാൻ കേട്ടു; ഞാൻ നഗ്നനായിരുന്ന തിനാൽ ഭയപ്പെട്ടു.’’ | — ഉൽപ്പത്തി 3:10 |
| 4 | ‘‘കർത്താവായ ദൈവം അവനെ ഏദൻതോട്ട ത്തിൽനിന്ന് പുറത്താക്കി.’’ | — ഉൽപ്പത്തി 3:23 |
| 5 | ‘‘ദൈവം സ്നേഹമാണ്.’’ | — 1 യോഹന്നാൻ 4:8 |
| 6 | ‘‘ദൈവമേ, അങ്ങയുടെ അചഞ്ചലമായ സ് നേഹമനുസരിച്ച് എന്നോടു കരുണ തോന്ന ണമേ.’’ | — സങ്കീർത്തനം 51:1 |